കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചുവരുന്നുണ്ട്. തുണി, പാള ഉല്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള ജില്ലാതല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള നടപടികൾ**

102 (1543) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷാ രീതി തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഓരോ തദ്ദേശ സ്ഥാപനത്തിലും ഇതിനുവേണ്ടി പ്രത്യേകം ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം, അവരുടെ ചുമതലകൾ എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെട്ടാൽ അപേക്ഷ നൽകുന്നതിനുള്ള അപ്പീൽ അതോറിറ്റികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വാർഡ് വിഭജന നടപടികൾ അറിയിക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ മലപ്പുറം, കൊണ്ടോട്ടി, അരീക്കോട് ബ്ലോക്ക് പഞ്ചായത്തുകളിലും അവയുടെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലും വർദ്ധിക്കാൻ സാധ്യതയുള്ള വാർഡുകളുടെ എണ്ണം അറിയിക്കാമോ?

**ഉത്തരം**

(എ) ഓരോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡിലേക്കും പ്രത്യേകം പ്രത്യേകം വോട്ടർപട്ടികയാണ് തയ്യാറാക്കുന്നത്. 2020-ലെ പൊതുതെരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് 2020 ജനവരി ഒന്നിനോ അതിനുമുമ്പോ 18 വയസ് പൂർത്തിയായതും പ്രസ്തുത വാർഡിലെ സാധാരണ താമസക്കാരനായിരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന ഒരു ഭാരത പൗരന് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ സ്ഥിരബുദ്ധി ഇല്ലാത്ത ആളായിരിക്കുകയോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച അഴിമതി പ്രവൃത്തികളാൽ വോട്ട് രേഖപ്പെടുത്തുന്നതിൽനിന്ന് അയോഗ്യനാക്കിയിട്ടുള്ളതോ ആയ ഒരാളിന് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. പേര് ചേർക്കു ന്നതിന് lsgelecton.kerala.gov.in എന്ന സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ (ഫാറം 4) സമർപ്പിക്കേണ്ടത്. അപേക്ഷ അയയ്ക്കുന്ന വേളയിൽ ലഭിക്കുന്ന ഹിയറിംഗ് നോട്ടീസ് പ്രകാരം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ മുമ്പാകെ ഹാജരായി വിവരങ്ങൾ നൽകേണ്ടതാണ്.

(ബി) വോട്ടർപട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും അതത് സ്ഥാപനത്തിന്റെ സെക്രട്ടറിമാരെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടു ത്തിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് അഡീഷണൽ സെക്രട്ടറിമാരെയാണ് ഇതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവരെ സഹായി ക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഒരു അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എന്നിവരിൽ ഒരാളെയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിൽ ഒന്നിലധികം അസിസ്റ്റന്റ് എഞ്ചിനീയർ/ജൂനിയർ സൂപ്രണ്ട്/പി.എ. ടു സെക്രട്ടറി തുടങ്ങിയവരെയും അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇലക്ഷൻ ക്ലാർക്ക്/ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടത് ഇവരുടെ ചുമതലയാണ്.

(സി) ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് അപ്പീൽ അധികാരി അതത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരാണ്. എന്നാൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ സംബന്ധിച്ച് അപ്പീൽ അധികാരി അതത് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരാണ്. എന്നാൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സമയവിവര പട്ടിക നിലവിലില്ലാത്ത സമയത്ത് അപേക്ഷ നിരസിച്ചത് സംബന്ധിച്ചുള്ള അപ്പീൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സമർപ്പിക്കേണ്ടത്.

(ഡി) 2020-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളുടെയും ഡിവിഷനുകളുടെയും വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly